ഡിസംബർ 2, 2013

**പ്രതിപക്ഷ നേതാവ് (രാജ്യസഭ) ജെയ്റ്റ്ലിയുടെ ഫേസ് ബുക്ക് പോസ്റ്റ്**

ശ്രീ നരേന്ദ്രമോദിയും ശ്രീ രാജ്നാഥ് സിംഗും ജമ്മു-കാശ്മീരിൽ വമ്പിച്ച റാലിയെ അഭിസംബോധന ചെയ്തു. ജമ്മു കാശ്മീരിനെ അഖണ്ഡ ഇന്ത്യയുടെ ഭാഗമാക്കുകയെന്നത് ജനസംഘത്തിന്റെ കാര്യപരിപാടിയായിരുന്നു ഇപ്പോൾ ബിജെപിയുടേയും.

ഡോ.ശ്യാമപ്രസാദ് മുഖർജിയുടെ ഇന്ത്യയുമായുള്ള ജമ്മുകാശ്മീരിന്റെ സമ്പൂർണലയനം എന്നതായിരുന്നു ഇന്ത്യയെ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട്. എന്നാൽ പ്രത്യേക സംസ്ഥാനം എന്ന നെഹ്റുവിന്റെ കാഴ്ചപ്പാടാണ്, 1953 ന് മുമ്പത്തെ സ്ഥിതി വിശേഷം, സ്വയംഭരണം, സ്വാതന്ത്ര്യം എന്നീ പ്രതീക്ഷകൾ ഉണ്ടാക്കാനിടയാക്കിയത്. ഇന്ത്യയുടെ ഇതരഭാഗങ്ങളോട് ഭരണഘടനാപരവും രാഷ്ട്രീയവുമായുള്ള ജമ്മുകാശ്മീരിന്റെ ബന്ധം മേൽപ്പറഞ്ഞ മൂന്നു വാദക്കാരുടേയും പ്രയോക്താക്കളുടേയും നിലപാട് ക്ഷയിപ്പിച്ചു. പ്രത്യേക സംസ്ഥാനമെന്ന സങ്കൽപ്പത്തിലുള്ള യാത്ര ഐക്യത്തിലേക്കല്ല വിഘടനവാദത്തിലേക്കുള്ളതാണ്. എന്നാൽ 370-ാം അനുഛേദത്തെക്കുറിച്ചുള്ള സ്വതന്ത്ര മായ ചർച്ചക്കുള്ള ബിജെപിയുടെ വെല്ലുവിളിയെ നിലപാടിലെ മയപ്പെടുത്തലായി ആരെങ്കിലും കാണുന്നുണ്ടെങ്കിൽ അത് പിശകാണ്.

**അമ്മായി-മകൾ പദവി.**

ജമ്മുകാശ്മീരിൽ സ്ഥിരമായി വ്യാഖ്യാനിക്കപ്പെടുന്ന ഒരു നിയമപ്രകാരം അഞ്ചു പതിറ്റാണ്ടായി അവിടത്തെ ഒരു പെൺകുട്ടി മറ്റൊരു സംസ്ഥാനത്തേക്ക് വിവാഹിതയായി പോയാൽ അവൾക്ക് ആ സംസ്ഥാനത്തെ സ്ഥിരവാസിയെന്ന പദവി നഷ്ടമാകുമെന്നും അവൾക്കുള്ള പ്രത്യേക അവകാശങ്ങൾ ഇല്ലാതാകും. എന്നാൽ ഇങ്ങനെ പദവി നഷ്ടമാകി ല്ലെന്ന് 2002 ഒക്ടോബർ ഏഴിന് ജമ്മുകാശ്മീർ ഹൈക്കോടതിയുടെ ഫുൾബെഞ്ച് ഭൂരിപക്ഷ വിധിപ്രകാരം പ്രഖ്യാപി ച്ചിട്ടുണ്ട്. അന്ന് അധികാരത്തിലായിരുന്ന നാഷണൽ കോൺഫ്രൻസ് സർക്കാരിനുവേണ്ടി കേസിൽ ഹാജരായ അഡ്വ ക്കേറ്റ് ജനറൽ എം.എ.ഗോണി പെൺകുട്ടികളുടെ ഹർജിയെ എതിർത്തിരുന്നു.

വിധി രേഖയിൽനിന്ന്

"അഡ്വക്കേറ്റ് ജനറൽ എം.എ.ഗോണി വാദിച്ചത് സംസ്ഥാന ഭരണഘടനയുടെ ആറാം അനുഛേദ പ്രകാരം സംസ്ഥാ നത്ത് സ്ഥിരവാസിയായ ഒരു പെൺകുട്ടി സംസ്ഥാനവാസിയല്ലാത്ത ഒരാളെ വിവാഹം കഴിച്ചാൽ ആ പെൺകുട്ടിക്ക് സംസ്ഥാന വാസിയായ ഒരാൾ എന്ന നിലയിൽ നിർവചിച്ചിട്ടുള്ള പദവി നഷ്ടമാകും. അദ്ദേഹം അതിങ്ങനയാണ് വിശദീകരിച്ചത്, സംസ്ഥാനക്കാരനല്ലാത്ത ഒരാളെ വിവാഹം ചെയ്താൽ കാശ്മീർ സ്ഥിരവാസിയായ പെൺകുട്ടിക്ക് വിവാഹത്തിനുമുമ്പ് സംസ്ഥാനത്ത് സ്വന്തമാക്കിയിട്ടുള്ള ഭൂമിയിൽ അവകാശം ഇല്ലാതാകും, സംസ്ഥാനം നൽകുന്ന പ്രത്യേക പദവിയും അവകാശങ്ങളും ഇല്ലാതാകും, സർക്കാർ ജോലി നഷ്ടമാകും, സ്കോളർഷിപ്പ് പോലുള്ള എല്ലാ സർക്കാർ അവകാശങ്ങളും ഇല്ലാതാകും എന്നാണ്. അദ്ദേഹം തുടർന്നു പറഞ്ഞത് വിവാഹം കഴിച്ചു കഴിഞ്ഞാൽ വിധ വയായാൽ പോലും ഭർത്താവിന്റെ സ്ഥിരവാസ പദവിയാണ് അവർക്കും ബാധകമാവുക. വിവാഹം കഴിച്ചയാൾ സംസ്ഥാ നത്തിന് പുറത്തുള്ളയാളാണെങ്കിൽ വിവാഹത്തിലൂടെ അവർക്കും സംസ്ഥാനത്തെ പദവി ഇല്ലാതാകും." ഇതായി രുന്നു ഒമർ അബ്ദുള്ളയുടെ സർക്കാരിന്റെയും നാഷണൽ കോൺഫ്രൻസ് പാർട്ടിയുടെയും നിലപാട്. എന്നാൽ കോടതി വിധി എതിരായതിനെത്തുടർന്ന് നാഷണൽ കോൺഫ്രൻസ് സർക്കാർ സുപ്രീംകോടതിയിൽ പ്രത്യേക വിടുതൽ ഹർജി നൽകുകയായിരുന്നു.

2003 ൽ പിഡിപി-കോൺഗ്രസ് സഖ്യം അധികാരത്തിൽ വന്നു. പിഡിപി സർക്കാർ ഒരു ബദൽ തന്ത്രം പിന്തു ടർന്നു. അവർ ഹർജി പിൻവലിച്ച് പകരം ജമ്മുകാശ്മീർ റസിഡന്റ് (ഡിസ്ക്വാളിഫിക്കേഷൻ)ബിൽ 2004 നിയമസഭ യിൽ അവതരിപ്പിച്ച്, ഹൈക്കോടതിയിലെ ജഡ്ജിമാരുടെ പുരോഗമനാത്മകമായ വിധിയെ നിശൂന്യവത്കരിക്കാൻ ശ്രമിച്ചു. ബില്ലിനെ പിഡിപിയും നാഷണൽ കോൺഫ്രൻസും ആഹ്ലാദത്തോടെ പിന്തുണച്ചു. ആ നിയമപ്രകാരം സംസ്ഥാനത്തിന് പുറത്ത് വിവാഹം കഴിച്ചുപോകുന്ന പെൺകുട്ടിക്ക് സംസ്ഥാനത്തുള്ള അവകാശങ്ങൾ ഇല്ലാതാകു മെന്നായി. നിയമം നിയമസഭ പാസ്സാക്കി.

2004 ൽ പ്രധാനമന്ത്രിയായിരുന്ന അടൽബിഹാരി വാജ്പേയി ഈ പ്രശ്നത്തിന് സംസ്ഥാന സർക്കാർ ഒരു പരി ഹാരം കാണണമെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ പിഡിപിയും നാഷണൽ കോൺഫ്രൻസും ഇന്ത്യൻ ഭരണഘടന യുടെ 370-ാം അനുഛേദം അനുവദിക്കുന്ന കാശ്മീരിന്റെ പ്രത്യേക പദവി എന്ന വിഷയവുമായി ഇതിനെ ബന്ധിപ്പിച്ചു.

നിയമസഭയിൽ പാസ്സായ ബിൽ നിയമസഭാ കൗൺസിലിൽ വന്നു. നിയമസഭാ കൗൺസിൽ ചെയർമാൻ ഈ ബില്ലിൽ വോട്ടിംഗ് നടത്താതെയും ബിൽ നിയമസഭക്ക് തിരിച്ചയക്കാതെയും സഭാ സമ്മേളനം പിരിച്ചുവിട്ടു. അതോടെ നിയമനിർമാണം തടസ്സപ്പെട്ടു. അടുത്തിടെ ഈ ബിൽ വീണ്ടും നിയമമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി.

2010 ൽ പിഡിപിയിലെ ഒരു അംഗം സ്വകാര്യ ബിൽ ആയി ഇത് നിയമസഭാ കൗൺസിലിൽ അവതരിപ്പിച്ചു. നാഷ ണൽ കോൺഫ്രൻസിലെ നേതാക്കൾ അതിന് അനുകൂലമായി നിയമം നിർമിക്കാൻ അവർ പ്രതിബദ്ധരാണെന്ന് പ്രസ്താവനകൾ ഇറക്കി. കാശ്മീരിന്റെ പ്രത്യേക പദവിയും കാശ്മീരി വ്യക്തിത്വവും അങ്ങനെ അവിടുത്തെ സ്ത്രീക ളുടെ അവകാശങ്ങൾക്ക് എതിരായി.

മുഖ്യമന്ത്രി ഒമർ അബ്ദുള്ളക്ക് തന്റെ പാർട്ടിയുടെ ഇക്കാര്യത്തിലെ ഈ നിലപാട് ചരിത്രം നിഷേധിച്ച് ഈ വിഷ യത്തിൽ ട്വീറ്റുകൾ തുടരാനാവുമോ? മാന്യമായി ജീവിക്കാനുള്ള അവകാശം നിഷേധിക്കാൻ ഇന്നും വിവേചന നിയമ ങ്ങൾക്ക് ഇന്ത്യൻ നിയമവ്യവസ്ഥയിൽ ഇടമില്ലെന്ന കാര്യം എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ടതാണ്.